II. അടിയന്തിരപ്രമേയം

വെള്ളൂപ്പാടം കോൺവെൻറിനേറയും അനാഥശാലയുടേയും നേർക്കുണ്ടായ ആക്രമണം

9-30 a.m.]

മി. സ്പീക്കർ: തൃശ്ശൂർ ജില്ലയിലുള്ള വെള്ളൂപ്പാടം പള്ളിയും കോൺവെൻറും അനാഥശാലയും ഒരു സംഘം ആളുകൾ ആക്രമിച്ച് വിശുദ്ധരൂപങ്ങൾ നശിപ്പിക്കുകയും അന്തേവാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് അവിടെ നിലവിലുള്ളതായി പറയപ്പെടുന്ന സംഘർഷാവസ്ഥയെക്കുറിച്ച് ചർച്ചചെയ്യുവാനായി ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് റൂൾ 50 അനുസരിച്ച് ശ്രീ. ലോനപ്പൻ നമ്പാടൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഈ മാസം 18-ാം തീയതി വെള്ളൂപ്പാടം കോൺവെൻറിൽ നിർഭാഗ്യകരമായ ചില സംഭവങ്ങൾ ഉണ്ടായി എന്നുള്ളത് ഒരു വസ്തുതയാണ്. അത് പഞ്ചായത്ത് ഏലക്ഷനെറ അനന്തര ഫലമായി ഉണ്ടായ ഒരു സംഭവമാണ്. വെള്ളൂപ്പാടം എന്നു പറയുന്നത് വഴങ്ങരപ്പള്ളി പഞ്ചായത്തിലാണ്. ഒരു ജോസ്, ശിവരാമൻ, കൂടെ 5 പേർ അവിടെ അഞ്ചാം വാർഡിൽനിന്ന സ്ഥാനാർത്ഥിയുടെ സുഹൃത്തുക്കളാണ് ഈ ആളുകൾ ആ സ്ഥാനാർത്ഥിക്കു വോട്ടു ചെയ്തില്ല എന്നുള്ള കാരണത്താൽ ആ കോൺവെൻറിനകത്തു കയറുകയും അവരെ കല്ലെറിയുകയും ആ കോൺവെൻറിലെ നായുടെ തല വെട്ടുകയും ചെയ്തു. അതുകഴിഞ്ഞശേഷം അന്നു രാത്രി ഒമ്പതരമണിക്ക് ജോസ്, കറപ്പൻ ജോർജ്, തൊലാക്ക ജോയി എന്നു പറയുന്ന തിരഞ്ഞെടുപ്പിനു പ്രവർത്തിച്ചിരുന്ന ആളുകൾ പോയി, ജോയി എന്ന രണ്ടുപേരെ ആക്രമിക്കുകയും കത്തിക്കുത്തു നടത്തുകയും ചെയ്തു. ഉടൻതന്നെ കത്തിക്കുത്തേറ്റയാളുകളെ ആശുപത്രിയിലയച്ചു. രണ്ടു കേസുകളും രജിസ്റ്റർ ചെയ്തു. പോലീസ് പെട്രോളും ഇട്ടു. പിറ്റേദിവസം അതിരാവിലെ തന്നെ തൃശ്ശൂർ എസ്. പി. സ്ഥലം സന്ദർശിക്കുകയും എട്ടാളുകളെ അറസ്റ്റുചെയ്യുകയും ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഇപ്പോൾ വളരെ കർശനമായ പോലീസ് ബന്തവസ്സ് അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഒരു സംഘർഷാവസ്ഥയും ഇപ്പോൾ അവിടെ നിലവിലില്ല. അതുകൊണ്ട്, ഈ സംഭവത്തിൽ വളരെയധികം സങ്കടമുണ്ടെങ്കിലും, സമയത്തിനുതന്നെ വേണ്ട നടപടികളെടുക്കുകയും ആക്രമികളെ അറസ്റ്റുചെയ്യുകയും അവരുടെ പേരിൽ കേസെടുക്കുകയും ചെയ്തതുകൊണ്ടും അതിനുശേഷം പോലീസിൻെറ ശരിയായ നിയന്ത്രണമുണ്ടായതുകൊണ്ടും അതിനുശേഷം സംഭവങ്ങളൊന്നുമുണ്ടായിട്ടില്ല, സ്ഥിതിഗതികൾ വഷളായിട്ടില്ല, സംഘർഷാവസ്ഥയുമില്ല എന്നതുകൊണ്ടും സഭാനടപടികൾ നിർത്തിവച്ചു ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു മുഴുവനും ശരിയല്ല. 19-ാം തീയതി രാത്രി 8 മണിക്ക്, പഞ്ചായത്തു തിരഞ്ഞെടുപ്പിൽ 93 വോട്ടിനു പരാജയപ്പെട്ട ഡി. സി. സി. മെമ്പർ വി. എസ്. ജോണിയുടെ നേതൃത്വത്തിൽ അൻപതോളം റൗഡികൾ, പൂട്ടിയിട്ട

LIBRARY ARCHIVES Kerala Legislative Assembly

കോൺവെൻറിൻെറ ഇരുമ്പുഗേറ്റ് തകർത്തുകൊണ്ട് കാമ്പൗണ്ടിനകത്തു കടക്കുകയും വിശുദ്ധ പത്താമ്പിയൂസ് മാർപ്പാപ്പയുടെ തിരുസ്വരൂപം കല്ലെറിഞ്ഞു തകർക്കുകയും കോൺവെൻറിൻെറ വാതിലും ജനലുകളും ചവിട്ടിപ്പൊളിക്കുകയും ചെയ്തു. രണ്ടര മണിക്കൂർ നേരം കോൺവെൻറിൻെറ നേരെയും പള്ളിയുടെ നേരെയും അറുപതോളം അനാഥപ്പൈതങ്ങൾ താമസിക്കുന്ന കെട്ടിടത്തിൻെറ നേരെയും അവർ കല്ലേറു നടത്തി. കോൺവെൻറിലെ 13 കന്യാസ്ത്രീകളും അറുപതു പൈതങ്ങളും കൂട്ടനിലവിളി കൂട്ടിയപ്പോഴാണ് ഓടിയെത്തിയ കൊടുമ്പിലായിപ്പറമ്പിൽ പോളിനെയും പുറംചിറ ജോയിയേയും വെട്ടുകത്തികൊണ്ടു വെട്ടി പരിക്കേൽപിച്ചു. ആ സമയത്ത് ഓടിയെത്തിയ നായരെ അവർ വെട്ടി പരിക്കേല്പിച്ചു. ഈ പരിപാടികൾ കഴിഞ്ഞശേഷം തൊട്ടടുത്തുള്ള വെല്ലൂപ്പാടം സെൻറ് ജോസഫ് ദേവാലയത്തിൻെറ നേരെയും ആക്രമണം നടത്തി. കല്ലെറിഞ്ഞു. അവിടത്തെ പള്ളിവികാരിയായ ഫാദർ ജോർജ് കണ്ണത്തിൻെറ മുറി കല്ലെറിഞ്ഞു നശിപ്പിച്ചു. ഇതെല്ലാം കഴിഞ്ഞശേഷം ഈ വി. എസ്. ജോണിൻെറ നേതൃത്വത്തിൽ അവിടെ സംഹാരതാണ്ഡവം നടത്തി. ഇതുവരെയും ഈ വി. എസ്. ജോണിനെ അറസ്റ്റുചെയ്യാൻ പോലീസിനു സാധിച്ചിട്ടില്ല. പിറ്റേദിവസം രാവിലെയാണു പോലീസ് സംഭവസ്ഥലത്തെത്തിയത്. ഡി. എസ്. പി. അവിടെ എത്തിയിരുന്നില്ല. മൂന്നാം ദിവസമാണ് മഹസ്സർ തയ്യാറാക്കയിതും കേസെടുത്തതും. ഇക്കഴിഞ്ഞ ഞായറാഴ്ച വൈകിട്ട് അഞ്ചുമണിക്ക് വീണ്ടും 150 ആളുകൾ ഈ കോൺവെൻറിൻെറ മുന്നിലുള്ള വീട്ടിൽ രഹസ്യമായി സംഘടിക്കുകയും കോൺവെൻറിൻെറ നേരെ ആക്രമണം നടത്താൻ തീരുമാനിക്കുകയും ചെയ്തു. 3-9-1979-ൽ ഫാദർ ജോർജ് കണ്ണത്തിന് ഈ വി. എസ്. ജോണിൻെറ കൈപ്പടയിൽ എഴുതി ഒപ്പിട്ട ഒരു ഭീഷണിക്കത്ത് ലഭിക്കുകയുണ്ടായി. ആ ഭീഷണിക്കത്തിൻെറ അടിസ്ഥാനത്തിലാണ് ഫാദർ ജോർജ് കണ്ണത്തു താമസിച്ചിരുന്ന മുറി ആക്രമിച്ചത്. ആൻറണി കോൺഗ്രസ്സിൻെറ ഡി. സി. സി മെമ്പറാണ് വി. എസ്. ജോൺ. പി. ആർ. ഫ്രാൻസിസ് എം. എൽ. എ. യുടെ സഹചാരിയാണു വി. എസ്. ജോൺ. ഈ നടന്ന ആക്രമം കേരളത്തിൻെറ ചരിത്രത്തിൽ കേട്ടു കേൾവിപോലുമില്ലാത്തതാണ്. 13 കന്യാസ്ത്രീകളാണ് ആ മഠത്തിലുള്ളത്. 11 പേർക്കേ അവിടെ വോട്ടവകാശമുള്ളൂ. 93 വോട്ടിനു പരാജയപ്പെട്ട വി. എസ്. ജോണിന് ഈ 11 കന്യാസ്ത്രീകൾ വോട്ടു ചെയ്തില്ല എന്ന കാരണം പറഞ്ഞുകൊണ്ടാണ് ഈ കന്യാസ്ത്രീമഠം ആക്രമിച്ചത്; വിശുദ്ധ പത്താമ്പിയൂസ് മാർപ്പാപ്പയുടെ തിരുസ്വരൂപം തല്ലിത്തകർത്തത്, ഇത്രയും അക്രമങ്ങൾ അവിടെ നടന്നു. അവിടെ പ്രതിഷേധയോഗങ്ങൾ നടന്നു. അവിടെ ഹർത്താൽ നടന്നു. എല്ലാ പാർട്ടിക്കാരും ഇതിനെ എതിർത്തു, പക്ഷേ ആൻറണി ഉൾപ്പെടുന്ന കോൺഗ്രസ് മാത്രം ഇതിനെ എതിർത്തില്ല. അദ്ദേഹം ഇപ്പോഴും ഡി. സി. സി. മെമ്പറായി പോലീസ് സ്റ്റേഷൻ ഭരിക്കുന്നു; അവിടെ അക്രമങ്ങൾക്കു നേതൃത്വം കൊടുക്കുന്നു. ഈശ്വരവിശ്വാസികളുടെ നേരെ, ജനാധിപത്യവിശ്വാസികളുടെ നേരെ നടന്നിട്ടുള്ള കൈയേറ്റമാണിത്. ഇടതു പക്ഷപുരോഗമന വിപ്ലവമുന്നണിയുടെ മുന്നണിപ്പടയാളികൾ നടത്തിയ ഗുണ്ടായിസമാണിതെന്നുള്ളതുകൊണ്ട് ഈ സഭാനടപടികൾ നിർത്തിവച്ച് ഇതിനെപ്പറ്റി ചർച്ചചെയ്യണമെന്നു ഞാനാവശ്യപ്പെടുകയാണ്.

ശ്രീ. എസ്. വരദരാജൻ നായർ: സംഭവത്തിൻെറ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമാണ് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളവും അഭിപ്രായവ്യത്യാസമില്ല. ഈ സംസ്ഥാനത്ത് ആരുടേയും ജീവനും സ്വത്തിനും രക്ഷയുണ്ടായിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ആഗ്രഹം. അതിനുവേണ്ട നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്. ഇതു നടന്നത് 19-ാം തീയതി രാത്രിയാണ്. 20-ാം തീയതി രാവിലേതന്നെ സൂപ്രണ്ട് ഓഫ് പോലീസ് അവിടെ എത്തുകയും എട്ടു പ്രതികളെ അറസ്റ്റുചെയ്യുകയും കൃത്തേറ്റയാളെ അന്നു രാത്രിതന്നെ ആശുപത്രിയിൽ എത്തിക്കുകയും ചെയ്തിരുന്നു. അതിനു ശേഷം വളരെ കർശനമായ പോലീസ് ബന്തവസ്സും ഉണ്ടായിട്ടുണ്ട്. സംഭവം നിർഭാഗ്യകരമായിരുന്നു. അതിന്റെ രാഷ്ട്രീയമായ വശങ്ങളിലേക്കു ഞാൻ പോകുന്നില്ല. എന്തായാലും ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു സംഭവമുണ്ടായതിൽ വളരെയധികം ദുഃഖമുണ്ട്. ഇത് ആവർത്തിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുശേഷം വേറെ സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. താണ്ഡവനൃത്തം എന്നൊക്കെ പറഞ്ഞത് നമ്മൾ റോഡിൽക്കൂടി നടക്കുമ്പോൾ കാണുന്ന കാര്യങ്ങളൊക്കെ മാത്രമാണ്. ഇന്ന് സംഘർഷാവസ്ഥയില്ല. സ്ഥിതി നിയന്ത്രണാധീനമാണ്. മറ്റു സംഭവങ്ങളൊന്നും 19-ാം തീയതിക്കുശേഷം അവിടെ ഉണ്ടായിട്ടുമില്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഇതു ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറ് കൈക്കൊണ്ടു എന്നുള്ള വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിന് അനുമതിനിഷേധിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

പാപ്പിനിശ്ശേരി വെസ്റ്റേൺ ഇൻഡ്യാ കോട്ടൺ മിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. രാഘവൻ: സർ, കേരളത്തിലെ ഒരു പ്രധാനപ്പെട്ട സ്പിന്നിംഗ് ആൻഡ് വീവിംഗ് മില്ലാണ് കണ്ണൂരിനടുത്തു പാപ്പിനിശ്ശേരിയിലുള്ള വെസ്റ്റേൺ ഇൻഡ്യാ കോട്ടൺ മിൽ. അവിടെയുള്ള ആയിരത്തിൽപ്പരം തൊഴിലാളികളും മറ്റു ജീവനക്കാരും കഴിഞ്ഞ ജൂലൈ 13-ാം തീയതി മുതൽ ഒരു പണിമുടക്കം നടത്തിവരികയാണ്. ജൂലൈ 10-ാം തീയതി ഇവിടെ കേരളത്തിലെ ടെക്സ്റ്റൈൽ തൊഴിലാളികളുടെ വേതനം സംബന്ധിച്ച് ഒരു കോൺഫറൻസ് മന്ത്രി വിളിച്ചുകൂട്ടി. അതിനെക്കുറിച്ച് ഒരു എഗ്രിമെൻറുണ്ടായി. അതനുസരിച്ച് പ്രതിമാസം 50 രൂപ ഡി. എ. യിൽ വർദ്ധനവും 2 ശതമാനം വാർഷിക വർദ്ധനവും വ്യവസ്ഥചെയ്തിരുന്നു. അത് വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസിലെ തൊഴിലാളികൾക്കും അതുപോലെതന്നെ പൊതുവായി കണ്ണൂരിലെ പല മില്ലുകൾക്കും ഉണ്ടായില്ല; എഗ്രിമെൻറിൽ ഉൾപ്പെടുത്തിയില്ല. അതിനു കാരണം, മുൻപുതന്നെ കേരളത്തിൽ കണ്ണൂരൊഴികെയുള്ള പല മില്ലുകളിലും ഞായറാഴ്ച ജോലിചെയ്യാൻ വ്യവസ്ഥയുണ്ടായിരുന്നു; കണ്ണൂർ ജില്ലയിലെ മില്ലുകളിൽ ഞായറാഴ്ച പ്രവൃത്തിയുണ്ടായിരുന്നില്ല. അതുകൊണ്ട് കണ്ണൂരിലൊഴികെയുള്ള മറ്റു മില്ലുകൾ ഞായറാഴ്ച പ്രവൃത്തി യംഗീകരിച്ചു; അവിടെ എഗ്രിമെൻറുണ്ടായി. കണ്ണൂരിലെ മില്ലുകളെ സംബന്ധിച്ചിടത്തോളം ചർച്ച പിന്നീടൊരവസരത്തിലാകാം എന്നുപറഞ്ഞു നീട്ടിവയ്ക്കുകയാണു ചെയ്തത്. നീട്ടിവച്ചുവെങ്കിലും ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ല. കേരളത്തിലെ മറ്റു ടെക്സ്റ്റൈൽ തൊഴിലാളികൾക്കു ബാധകമാക്കിയിട്ടുള്ള ആനുകൂല്യങ്ങൾ പാപ്പിനിശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly